മോനേ! 'ബിസ്മി' ചൊല്ലുക. നിൻ്റെ വലതു കൈ കൊണ്ട്
ഭക്ഷിക്കുക. നിൻ്റെ അടുത്തുള്ളതിൽ നിന്ന് ഭക്ഷിക്കുക
ഉമർ ബ്നു അബീ സലമഃ -هُْنَع هُ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- യുടെ സംരക്ഷണയിൽ വളർന്ന
കുട്ടിയായിരുന്നു ഞാൻ. (ഭക്ഷണം കഴിക്കുമ്പോൾ) എൻ്റെ കൈകൾ ഭക്ഷണത്തളികയിൽ പരന്നു
നടക്കാറുണ്ടായിരുന്നു. അപ്പോൾ നബി -صلى الله عليه وسلم- എന്നോട് പറയുകയുണ്ടായി: "മോനേ! 'ബിസ്മി'
ചൊല്ലുക. നിൻ്റെ വലതു കൈ കൊണ്ട് ഭക്ഷിക്കുക. നിൻ്റെ അടുത്തുള്ളതിൽ നിന്ന്
ഭക്ഷിക്കുക." പിന്നീടങ്ങോട്ട് അതായിരുന്നു എൻ്റെ ഭക്ഷണരീതി.
[صحيح] [متفق عليه]
നബി -صلى الله عليه وسلم- യുടെ പത്നിയായ ഉമ്മുസലമഃയുടെ മകനായിരുന്നു ഉമർ ബ്നു അബീ സലമഃ. നബി -صلى الله عليه وسلم- യുടെ
പരിചരണത്തിലും മേൽനോട്ടത്തിലുമായിരുന്നു അദ്ദേഹം ചെറുപ്പത്തിൽ വളർന്നത്. ഭക്ഷണം
കഴിക്കുന്നതിനിടയിൽ തൻ്റെ കൈ തളികയുടെ വശങ്ങളിലെല്ലാം ചെന്നെത്തുമായിരുന്നു. അപ്പോൾ
നബി -صلى الله عليه وسلم- അദ്ദേഹത്തിന് ഭക്ഷണം കഴിക്കുമ്പോൾ പാലിക്കേണ്ട മൂന്ന് മര്യാദകൾ പഠിപ്പിച്ചു
കൊടുത്തു. ഒന്ന്: ഭക്ഷണം കഴിക്കുന്നതിൻ്റെ ആരംഭത്തിൽ 'ബിസ്മില്ലാഹ്' എന്നു പറയണം.
രണ്ട്: വലതു കൈ കൊണ്ട് ഭക്ഷിക്കണം. മൂന്ന്: തന്നോട് അടുത്തുള്ള ഭാഗത്ത് നിന്ന് ഭക്ഷണം
കഴിക്കണം.
https://sunnah.global/hadeeth/ml/show/58120